ഉത്തരം

ഏതു് ഉപകരണങ്ങളെ ഉദ്ദേശിച്ചാണു് ചോദ്യമെന്നു വ്യക്തമല്ലാത്തതി നാൽ മറുപടി പറയുവാൻ നിവർത്തിയില്ല.

തോടു് നന്നാക്കൽ

168. [5] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ കൊട്ടമൺ പഞ്ചായത്തിൽ തയ്യാട്ടു് കര യിൽ കരിപ്പാക്കോട്ടനിന്നും കൊച്ചുവേലിൽ പാലം വരെയും, കാഞ്ഞിരവേലി മുതൽ തേവന്നൂർ പാലം വരെയുള്ള തോട നന്നാക്കുന്നതിനു് പ്രസ്തുത വർക്കുകൾ ക്കെല്ലാം ഡി. ഡി.സി.യുടെ സബ്കമ്മിറ്റി അംഗീകരിച്ചു ഡി.ഡി. സി.ൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത രണ്ടു വർക്കിന്റെയും എസ്റ്റിമേറ്റു് എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഓരോ വർക്കിനും എത്ര തുക ചെലവാകും ;

(ഡി) ഈ വർക്കുകൾക്കു് ടെൻഡർ സാംഗ്ഷൻ കൊടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 1. കുന്നത്തൂർ താലൂക്കിൽപ്പെട്ട കൊട്ടമൺ പഞ്ചായത്തിലെ കരിയിലെ തോടു് മുതൽ കൊച്ചുവേലിൽ പാലംവരെയുള്ള ജോലിയുടെ എസ്റ്റിമേറ്റു് കൊല്ലം എക്സിക്യൂട്ടീവു് ഇഞ്ചിനീയർ തയ്യാറാക്കിക്കൊണ്ടിരി ക്കുന്നു.

2. കാഞ്ഞിരവേലിൽ മുതൽ തേവന്നൂർ പാലംവരെയുള്ള തോടു് നന്നാക്കുന്നതിനുള്ള ജോലികളുടെ എസ്റ്റിമേറ്റു് കൊല്ലം എക്സിക്യൂട്ടീവു് ഇഞ്ചി നീയറുടെ ആഫീസിൽ പരിശോധനയിലിരിക്കുന്നു.

(സി) ആദ്യത്തെ ജോലിക്കു് 25,000 രൂപയും രണ്ടാമത്തെ ജോലിക്കു 5000 രൂപയും ചെലവാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) ഇല്ല.

പോലീസു് കാൺസ്റ്റബിൾമാർ

169. [6] ശ്രീ.പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഡിസ്ട്രിക്ടിൽ എത്ര പോലീസു് കാൺസ്റ്റബിൾമാ രുണ്ടു് ;

(ബി) അതിൽ പട്ടികജാതിയിൽപ്പെട്ടവരെത്ര ;

(സി) അവർ പട്ടികജാതിയിൽ ഏതേതു് സമുദായത്തിൽപ്പെട്ടവ രാണു് ;

ഉത്തരം

(എ) 900 (തൊള്ളായിരം) പോലീസു് കാൺസ്റ്റബിൾമാരും, 124 (നൂറിഇരുപത്തിനാലു്) ഹെഡ്കാൺസ്റ്റബിൾമാരും ഉണ്ടു്.

(ബി) 26(ഇരുപത്താറു്) പോലീസു് കാൺസ്റ്റബിൾമാരും, 4(നാലു്) ഹെഡ്കാൺസ്റ്റബിൾമാരും.

(സി) നാലു ഹെഡ്കാൺസ്റ്റബിൾമാരും ഇരുപത്തൊന്നു പോലീസു് കാൺസ്റ്റബിൾമാരും, പുലയ സമുദായത്തിൽപ്പെട്ടവരും, മൂന്നു പോലീസു് കാൺസ്റ്റബിൾമാർ തണ്ടാൻ സമുദായത്തിൽപ്പെട്ടവരും, ഒരു പോലീസു് കാൺസ്റ്റബിൾ വേലൻ സമുദായത്തിൽപ്പെട്ട ആളും, മറെറാരു പോലീസു് കാൺസ്റ്റബിൾ സാമ്പവ സമുദായത്തിൽപ്പെട്ട ആളും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly